Draft #1 of File 60608/AC A6-2/2025/AC A 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Jul-2025 01:41 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അക്കാദമിക് - സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് - മൂന്നാം വർഷത്തേക്ക് ദീഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിബന്ധന പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 6595/AC A 6/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.07.2025

---

*പരാമർശം:*-(1) സ.ഉ.(കൈ) നം.387/2025/HEDN തീയതി 16-06-2025

**<u>ഉത്തരവ്</u>**

കേരള സർക്കാർ പുതുതായി ആരംഭിച്ച CM Researcher Scholarship പദ്ധതി നടപ്പാക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ആറ് മാസം കൂടുമ്പോൾ ബന്ധപ്പെട്ട ഗൈഡിൽ നിന്നും അറ്റന്റൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട് ഒപ്പിട്ട് വാങ്ങി സ്ഥാപന മേധാവി വഴി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയുള്ളൂ, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ഉത്തരവിൽ കാണിച്ചിട്ടുള്ള കാലയളവിൽ ഗവേഷണം പൂർത്തിയാക്കി തീസിസ് സമർപ്പിക്കാത്ത പക്ഷം കൈപ്പറ്റിയ സ്കോളർഷിപ്പ് തുക 18% പലിശ സഹിതം തിരിച്ചടക്കേണ്ടതാണ് എന്നിങ്ങനെ കർശന നിബന്ധനകളാണുള്ളത്.

ഈ സാഹചര്യത്തിൽ സർക്കാർ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നൽകി വരുന്ന സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് വിതരണത്തിനുള്ള നിബന്ധനകൾ പരിഷ്കരിക്കുന്നത് പരിഗണിക്കുന്നതിനായി വൈസ് ചാൻസലർ മുമ്പാകെ ഫയൽ സമർപ്പിച്ചിരുന്നു.

ആദ്യ രണ്ട് വർഷത്തെ ഫെല്ലോഷിപ്പ് തുക കൈപ്പറ്റിയ ശേഷം മൂന്നാം വർഷത്തേക്ക് ഫെല്ലോഷിപ്പ് ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുമ്പോൾ "അർദ്ധ വാർഷിക റിപ്പോർട്ടുകളും, സർവകലാശാലയിൽ ഒടുക്കേണ്ട ഫീസും കുടിശ്ശികയില്ല" എന്ന് ബന്ധപ്പെട്ട PhD അക്കാഡമിക് സെക്ഷനിൽ നിന്നുള്ള ഒരു സാക്ഷ്യപ്പെടുത്തൽ കൂടി സമർപ്പിക്കുന്നതിനുള്ള നിർദേശം ഗവേഷകർക്ക് നൽകുന്നതിനും, 01.08.2025-മുതൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഈ വ്യവസ്ഥ ബാധകമാക്കുന്നതിനും പ്രൊഫസർ ഇൻ ചാർജ് ഓഫ് വൈസ് ചാൻസലർ ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഗവേഷക വിദ്യാർത്ഥികൾ
2. സർവ്വകലാശാല പഠന വകുപ്പ് തലവന്മാർ
3. ഗവേഷണ കേന്ദ്രത്തിന്റെ തലവന്മാർ
4. വൈസ് -ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
5. രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ മാർ

6. ഡയറക്ടർ, റിസർച്ച്
7. ജെആർ II (അഡ്മിൻ)/ഡി.ആർ I/ എ.ആർ IV(അക്കാദമിക്)
8. ജെആർ/ഡി.ആർ I/ എ.ആർ II(ഫിനാൻസ്)
9. എസിഎ II/X/XI/XIII/ XIV/XV സെക്ഷനുകൾ
10. ഓഡിറ്റ് V
11. പി.ആർ.ഒ/ ജനറൽ എൻക്വയറി/IQAC
12. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
13. യൂണിവേഴ്സിറ്റി വെബ്സൈറ്റ് / റിസർച്ച് പോർട്ടൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 60608/AC A6-2/2025/AC A 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Jul-2025 01:41 PM - Page 2